**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബജറ്റ് ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വിവിധ ഫണ്ടുകളുപയോഗിച്ച് നടത്തപ്പെടുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-<br><br>**(i) കിഫ്ബി ഫണ്ട് :-**<br><br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ 5 കോടി, 3 കോടി, 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭൗതികസൗകര്യവികസനത്തിനായി 6 സ്കൂളുകൾക്ക് അനുമതി നൽകിയിരുന്നു.<br><br>**5 കോടി പദ്ധതി :-**<br><br>5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണ പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി പദ്ധതി :-**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ DPR തയ്യാറാക്കി സാങ്കേതിക അനുമതിക്ക് നൽകിയിരുന്നു. എന്നാൽ റേറ്റ് റിവിഷൻ വന്നതിന്റെ, അടിസ്ഥാനത്തിൽ 2021 - ലെ പുതിയ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി അനുമതി നേടുന്നതിനുള്ള നടപടികൾ നിർവഹണ ഏജൻസിയായ കിറ്റ്കോ സ്വീകരിച്ചു വരുന്നു.<br><br>**1 കോടി പദ്ധതി :-**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടെ 4 സ്കൂളുകളാണുള്ളത്. |

GHSS ആയാപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ് .

GBHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

GHSS വലിയഴീക്കൽ സ്കൂളിന്റെ നിർമ്മാണത്തിനായി CRZ clearance ആവശ്യമായിട്ടുണ്ട് . ആയതു സംബന്ധിച്ച രേഖകൾ കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ (KCZMA) നൽകിയിട്ടുണ്ട് .CRZ clearance ലഭ്യമായാലുടൻ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

GLPS കണിച്ചനല്ലൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

**(ii) പ്ലാൻ ഫണ്ട് :-**

1. ജി.എൽ.പി.എസ് കുമാരപുരം നോർത്ത് കരുവാറ്റ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഉപേക്ഷിച്ച നിലയിലാണ്.

2. ജി.യു.പി.എസ് പാനൂർക്കര സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു

3. ജി.യു.പി.എസ് ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു

4. ജി.എൽ.പി.എസ് പൊത്തപ്പള്ളി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചു

5. ജി.യു.പി.എസ് എരിക്കാവ് സ്കൂളിന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു

6. ജി.യു.പി.എസ് നങ്യാർകുളങ്ങര സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു

7. ജി.എൽ.പി.എസ് തൃക്കുന്നപ്പുഴ സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു

8. ജി.യു.പി.എസ് വഴുതാനം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു

**(iii) ബജറ്റ് ഫണ്ട് :-**

ബജറ്റ് ഫണ്ട് പ്രൊവിഷനിൽ വരുന്ന പദ്ധതികൾ പ്ലാൻ ഫണ്ടിൽ വകയിരുത്തിയാണ് നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ ഏതെങ്കിലും വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രവർത്തിക്കുന്ന സ്കൂളുകൾക്കെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ട് . |
| (സി) | കാർത്തികപള്ളി ഗവ. യു.പി. സ്കൂളിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക്ക് വർക്കുകളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നതിനാലാണ് പുതിയ കെട്ടിടത്തിലേക്ക് ക്ലാസുകൾ മാറ്റുന്നതിന് കാലതാമസം നേരിട്ടത്. പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക് വർക്കുകൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അടിയന്തരമായി നടത്തേണ്ട മെയിന്റനൻസ് വർക്കുകൾ നിർവ്വഹിക്കുന്നതിനുമായി എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക സുരക്ഷാ ഓഡിറ്റുകൾ നടത്തുമോയെന്ന് അറിയിക്കുമോ? | (ഡി) | സുരക്ഷാ ഓഡിറ്റുകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ